209

കേരള സർക്കാർ

*സംഗ്രഹം*

DIRECTORATE OF EMPLOYMENT AND TRAINING
10 NOV 2014
THIRUVANANTHAPURAM

വ്യാവസായിക പരിശീലന വകുപ്പ് - സംസ്ഥാനത്തെ ഐ.ടി.ഐ.കളിൽ നടത്തിയിരുന്ന 18 മാസത്തെ കോഴ്സിനുശേഷം ആറുമാസ ഇൻപ്ലാന്റ് ട്രെയിനിംഗ് ഉണ്ടായിരുന്ന കോഴ്സുകളിലെ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റും അതാത് ട്രേഡുകളിൽ നിലവിലുള്ള 2 വർഷ ക്രാഫ്റ്റ്സ്മാൻ കോഴ്സുകളിലെ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റും തുല്യമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (സി) വകുപ്പ് 47405

സ.ഉ. (കൈയെഴുത്ത്) നം.135/2014/തൊഴിൽ തിരുവനന്തപുരം, തീയതി 4.11.2014

---

പരാമർശം- ട്രെയിനിംഗ് ഡയറക്ടറുടെ 13.2.14, 9.6.14 എന്നീ തീയതികളിലെ എഫ്1/12922/13 നമ്പർ കത്തുകൾ.

## ഉത്തരവ്

ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിൽ 18 മാസത്തെ കോഴ്സിനുശേഷം ആറുമാസം ഇൻപ്ലാന്റ് ട്രെയിനിംഗ് ഉണ്ടായിരുന്ന വിവിധ എഞ്ചിനീയറിംഗ് ട്രേഡുകളെ അതാത് ട്രേഡുകളിലെ 24 മാസ കോഴ്സുകളായി DGE&T പുന:ക്രമീകരിച്ചിട്ടുണ്ട്. മുൻപ് നിലവിലുണ്ടായിരുന്ന യോഗ്യതകൾ പിൻതുടർന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനാൽ, വിവിധ തസ്തികകളിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള നിലവിലെ രണ്ടുവർഷ കോഴ്സ് പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികളുടെ വിഷയത്തിൽ യോഗ്യത സംബന്ധിച്ച് സ്പഷ്ടീകരണം പി.എസ്.സി. ആവശ്യപ്പെടുന്നു എന്നും അതുകൊണ്ട് 18 മാസ കോഴ്സും ആറുമാസ ഇൻപ്ലാന്റ് ട്രെയിനിംഗും ഉണ്ടായിരുന്ന എഞ്ചിനീയറിംഗ് ട്രേഡുകളെയാണ് 24 മാസ കോഴ്സാക്കി DGE&T മാറ്റിയിട്ടുള്ളതെന്നും രണ്ട് കോഴ്സ് സർട്ടിഫിക്കറ്റും തുല്യമാണെന്നും ട്രെയിനിംഗ് ഡയറക്ടർ വ്യക്തമാക്കിയിരിക്കുന്നു. ഇക്കാര്യത്തിൽ ഉദ്യോർത്ഥികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കുന്നതിന് വേണ്ടി ടി കോഴ്സ് സർട്ടിഫിക്കറ്റുകൾ തുല്യമാക്കി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശ കത്തിലൂടെ ട്രെയിനിംഗ് ഡയറക്ടർ സർക്കാരിനോട് ശുപാർശ ചെയ്തു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ചുവടെ ചേർത്തിട്ടുള്ള 18 മാസ കോഴ്സും 6 മാസ ഇൻപ്ലാന്റ് ട്രെയിനിംഗും ഉണ്ടായിരുന്ന 17 ട്രേഡുകൾ 24 മാസ കോഴ്സുകളായി DGE&T മാറ്റിയിട്ടുള്ളതിനാൽ ടി 24 മാസ കോഴ്സുകളിലെ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് അതാത് ട്രേഡുകളിൽ 18 മാസത്തെ കോഴ്സിനുശേഷം 6 മാസ ഇൻപ്ലാന്റ് ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കുമ്പോൾ നൽകിയിരുന്ന നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റുകളോട് തുല്യമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

10/11/14

| ക്രമ നമ്പർ | 18 മാസത്തെ കോഴ്സിനുശേഷം 6 മാസത്തെ ഇൻപ്ലാന്റ് ട്രെയിനിംഗ് ഉണ്ടായിരുന്ന ട്രേഡുകൾ | 24 മാസ കോഴ്സാക്കിയ ട്രേഡുകൾ |
|---|---|---|
| 1 | ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) | ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) |
| 2 | ഡ്രാഫ്റ്റ്സ്മാൻ (മെക്കാനിക്കൽ) | ഡ്രാഫ്റ്റ്സ്മാൻ (മെക്കാനിക്കൽ) |
| 3 | ഇലക്ട്രീഷ്യൻ | ഇലക്ട്രീഷ്യൻ |
| 4 | ഇലക്ട്രോണിക് മെക്കാനിക് | ഇലക്ട്രോണിക് മെക്കാനിക് |
| 5 | ഇലക്ട്രോപ്ലേറ്റർ | ഇലക്ട്രോപ്ലേറ്റർ |
| 6 | ഫിറ്റർ | ഫിറ്റർ |
| 7 | ഇൻസ്ട്രുമെന്റ് മെക്കാനിക് | ഇൻസ്ട്രുമെന്റ് മെക്കാനിക് |
| 8 | മെഷീനിസ്റ്റ് | മെഷീനിസ്റ്റ് |
| 9 | മെഷീനിസ്റ്റ് (ഗ്രൈന്റർ) | മെഷീനിസ്റ്റ് (ഗ്രൈന്റർ) |
| 10 | മെക്കാനിക് മോട്ടോർ വെഹിക്കിൾ | മെക്കാനിക് മോട്ടോർ വെഹിക്കിൾ |
| 11 | മെക്കാനിക് റേഡിയോ & ടി.വി. | മെക്കാനിക് റേഡിയോ & ടി.വി. |
| 12 | മെക്കാനിക് (റഫ്രിജറേഷൻ & എയർ കണ്ടീഷണർ) | മെക്കാനിക് (റഫ്രിജറേഷൻ & എയർ കണ്ടീഷണർ) |
| 13 | മെക്കാനിക് അഗ്രിക്കൾച്ചറൽ മെഷീനറി | മെക്കാനിക് അഗ്രിക്കൾച്ചറൽ മെഷീനറി |
| 14 | സർവ്വേയർ | സർവ്വേയർ |
| 15 | ടൂൾ & ഡൈമേക്കർ (Dies & Moulds) | ടൂൾ & ഡൈമേക്കർ (Dies & Moulds) |
| 16 | ടർണർ | ടർണർ |
| 17 | വയർമാൻ | വയർമാൻ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി. രാജേന്ദ്രൻ ചെട്ടിയാർ,
അണ്ടർ സെക്രട്ടറി.

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (wih CL)
വിവര പൊതുജന സമ്പർക്ക വകുപ്പ് (ഗവ. വെബ് സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

Endorsement on. F1/12922/13 dtd 1/12/2014

Additional Press Director.

Additional Press Director